19 (1245) പെരളശ്ശേരി കെ.കെ.എസ്സ്. വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് റീവൈറ്റലൈസേഷൻ ലോൺ

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പെരളശ്ശേരി കെ.കെ.എസ്സ്. വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് റീവൈറ്റലൈസേഷൻ ലോൺ അനുവദിക്കുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) റീവൈറ്റലൈസേഷൻ ലോണിനുവേണ്ടിയുള്ള സൊസൈറ്റിയുടെ അപേക്ഷ കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നും കൈത്തറി ഡയറക്ടർക്കു കിട്ടുകയുണ്ടായി. എന്നാൽ പ്രസ്തുത അപേക്ഷയിൽ കണ്ട ചില ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് ഡയറക്ടർ അപേക്ഷ കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് തിരിച്ചയയ്ക്കുകയും, ജനറൽ മാനേജർ ഈ വിവരം പെരളശ്ശേരി കെ.കെ.എസ്സ്. വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സംഘം സെക്രട്ടറി അപേക്ഷയിലെ ന്യൂനതകൾ പരിഹരിച്ച് ഇതുവരെയും നൽകിയിട്ടില്ലെന്ന് അറിയുന്നു.

20 (1246) ചെറുകിട വ്യവസായങ്ങൾ

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99 വർഷത്തിൽ എത്ര ചെറുകിട വ്യവസായങ്ങൾ പുതിയതായി രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(ബി) ചെറുകിട വ്യവസായങ്ങൾക്ക് സഹായധനമായി 1998-99 വർഷത്തിൽ എത്ര തുക ചെലവായി?

ഉത്തരം

(എ) 1998-99 സാമ്പത്തിക വർഷത്തിൽ 19,736 ചെറുകിട വ്യവസായങ്ങൾക്ക് സ്ഥിരം രജിസ്ട്രേഷൻ നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) 1998-99 സാമ്പത്തിക വർഷത്തിൽ ചെറുകിട വ്യവസായങ്ങൾക്ക് സഹായധനമായി മൂലധനം സബ്സിഡി ഇനത്തിൽ 1091.11 ലക്ഷം രൂപയും വിത്ത് മൂലധന വായ്പ ഇനത്തിൽ 420 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

21 (1247) കെൽട്രോണിന്റെ പ്രവർത്തനം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാഘവൻ :

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിലെ യൂണിറ്റുകൾ ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ കെൽട്രോണിലെ ഏതെല്ലാം യൂണിറ്റുകളാണ് ലാഭത്തിൽ പ്രവർത്തിച്ചു വരുന്നതെന്നു വ്യക്തമാക്കുമോ;

(സി) നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന യൂണിറ്റുകൾ ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ സർക്കാർ ധനസഹായം നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം യൂണിറ്റുകൾക്ക് എന്തു തുകവീതം നൽകിയിട്ടുണ്ട് എന്ന് അറിയിക്കുമോ;

(ഇ) ഇപ്പോൾ പ്രസ്തുത യൂണിറ്റുകൾ ലാഭത്തിൽ പ്രവർത്തിക്കുകയാണോ;

(എഫ്) കെൽട്രോൺ യൂണിറ്റുകളുടെ പ്രവർത്തനത്തെ സംബന്ധിച്ച് ബന്ധപ്പെട്ട ട്രേഡ് യൂണിയനുകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് വല്ല തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കെൽട്രോൺ ഗ്രൂപ്പിന്റെ ഹോൾഡിംഗ് കമ്പനിയായ കെ.എസ്. ഇ.ഡി.സി. യുടെ പുനരുദ്ധാരണ പദ്ധതി തത്വത്തിൽ അംഗീകരിച്ച് നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചുവരുന്നു. 120 കോടി രൂപയുടെ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുകയും പ്രവർത്തന മൂലധനം ബാങ്കുകൾ വഴി ലഭ്യമാകുന്നതുവരെ ഹ്രസ്വകാലവായ്പവഴി പ്രവർത്തന മൂലധനത്തിന് സഹായം നൽകുവാനുള്ള സാദ്ധ്യതകൾ പരിഗണിക്കുകയും ചെയ്യുന്നുണ്ട്. സബ്സിഡിയറി കമ്പനികളുടെ വികസന പ്രവർത്തനങ്ങൾക്കു വേണ്ടിയും, പ്രവർത്തന മൂലധനത്തിനും ധനസഹായം ചെയ്യുന്നുണ്ട്.

(ബി) ലാഭത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ താഴെപ്പറയുന്നവയാണ്.

1. കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ്, കണ്ണൂർ.
2. കെൽട്രോൺ റെസിസ്റ്റേഴ്സ് ലിമിറ്റഡ്, കണ്ണൂർ
3. കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ്, കുറ്റിപ്പുറം.
4. കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്, ശ്രീകാര്യം

(സി) ഉണ്ട്.

(ഡി) കെ.എസ്.ഇ.ഡി.സി. യുടെ പുനരുദ്ധാരണത്തിനായി സമർപ്പിച്ചിട്ടുള്ള പദ്ധതി അംഗീകരിക്കുന്നതുവരെ കമ്പനിയുടെ പ്രവർത്തനത്തിനായി 1996-97-ൽ 10 കോടി രൂപയും 1997-98-ൽ 10 കോടി രൂപയും പ്രവർത്തന മൂലധനമായി സർക്കാർ കെൽട്രോണിന് നൽകി. കൂടാതെ 1998-99-ൽ കെ.എം.എം.എൽ.-ൽ നിന്നും 5 കോടി രൂപയുടെ ഹ്രസ്വകാല വായ്പയും കെൽട്രോണിന് ലഭ്യമാക്കി.

LIBRARY ARCHIVES Kerala Legislative Assembly

ബി.ഐ.എഫ്.ആർ-ന്റെ പരിധിയിൽ വരുന്ന പീഡിത വ്യവസായമായ കെൽട്രോൺ കൗണ്ടേഴ്സിന് 1994-95-ൽ 98 ലക്ഷം രൂപയും 1995-96-ൽ 65 ലക്ഷം രൂപയും 1998-99-ൽ 55 ലക്ഷം രൂപയും 1999-2000-ൽ 95 ലക്ഷം രൂപയും നൽകി. കെൽട്രോൺ റെക്ടിഫൈയേഴ്സിന് 1994-95-ൽ 170 ലക്ഷം രൂപ നൽകി. കെൽട്രോൺ പവർ ഡിവൈസ്ഡ് ലിമിറ്റഡിന് ബി.ഐ.എഫ്. ആർ-ന്റെ നിർദ്ദേശപ്രകാരം 1995-96-ൽ 25 ലക്ഷം രൂപ നൽകുകയും 1997-98-ൽ 160 ലക്ഷം രൂപ ധനലക്ഷ്മി ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 60 ലക്ഷം രൂപ കെ.എസ്.ഇ.ഡി.സി. വഴിയും 100 ലക്ഷം രൂപ വ്യവസായ വാണിജ്യ ഡയറക്ടർ വഴിയുമാണ് നിക്ഷേപിച്ചിരിക്കുന്നത്. കെ.പി.ഡി.എൽ-ന് വി.ആർ.എസ് നടപ്പിലാക്കാൻ വേണ്ടി 1998-99-ൽ സർക്കാർ 321 ലക്ഷം രൂപ നൽകി. ഡിസ്കൽ ടെലിവിഷൻ ലിമിറ്റഡ്, മഞ്ചേരിക്ക് 1996-1997-ലും 1997-98-ലും 1.5 ലക്ഷം രൂപ വീതവും 1999-2000-ൽ 12 ലക്ഷം രൂപ ടി.ടി.പി.യിൽനിന്നും ഹ്രസ്വകാലവായ്പയും നൽകിയിട്ടുണ്ട്. കെൽട്രോൺ ക്രസ്റ്റൽസ് ലിമിറ്റഡ് 1998-99-ൽ 66 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ഇ) ധനസഹായം ലഭ്യമായവയിൽ കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ് ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്.

(എഫ്) ഉണ്ട്. കെൽട്രോണിന്റെ പുനരുദ്ധാരണ പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ആവശ്യമായ ചർച്ചകൾ നടത്തിയിട്ടുണ്ട്.

22 (1248) കെൽട്രോൺ നേരിടുന്ന പ്രതിസന്ധി

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോൺ നേരിടുന്ന പ്രതിസന്ധി താത്കാലികമായി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) എന്തെല്ലാം ഉപകരണങ്ങളാണ് കെൽട്രോൺ ഇപ്പോൾ നിർമ്മിക്കുന്നത്;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ ഉപകരണങ്ങളാണ് കെൽട്രോൺ നിർമ്മിച്ചത്; ഇതുവഴി എന്തു വരുമാനമുണ്ടായി;

(ഡി) കെൽട്രോണിന്റെ സ്തംഭനം ഒഴിവാക്കാൻ ആവശ്യമായ തുക ഈ സ്ഥാപനത്തിന് അനുവദിക്കുമോ?

ഉത്തരം

(എ) കെൽട്രോണിന്റെ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുകയും, ബാദ്ധ്യതകൾ ഏറ്റെടുത്ത് പ്രവർത്തന മൂലധന വർദ്ധന ബാങ്കുകൾ അനുവദിക്കുകയും ചെയ്യുന്നതുവരെയുള്ള കാലയളവിൽ ഓർഡറുകൾ നടപ്പിലാക്കുവാൻ വേണ്ടി കേരളാ ഇൻഡസ്ട്രിയൽ റീവൈറ്റലൈസേഷൻ ഫണ്ടിൽ നിന്നും ഹ്രസ്വകാല വായ്പയായി ധനസഹായം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) സ്റ്റീരിയോ കൺസോൾ, സി.ഡി. പ്ലെയർ, റ്റി.വി.ആർ.ഒ., ഡയറക്ട് റിസപ്ഷൻ സിസ്റ്റംസ്, സി.ഡി.റ്റി.വി., മുതലായ മാസ് കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ, എക്കോ സൗണ്ടർ, ഇ.എം. ലോഗ്, അണ്ടർ വാട്ടർ ടെലിഫോൺ സിസ്റ്റം പ്രോസസർ സെയ്ഡ്സ് ഗ്രൗണ്ടു മൈനുകൾ, ആർ.ടി.യു., ആർ.എ.ഐ.

LIBRARY ARCHIVES Kerala Legislative Assembly